I ഇ.ബി. XIV - കേരള നിയമസഭ/I-15

# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2016 ജൂലൈ 19, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

I ചരമോപചാരം

ജേക്കബ് സ്കറിയ , കാവാലം നാരായണപ്പണിക്കർ എന്നിവരുടെ നിര്യാണം

മുൻ നിയമസഭാംഗമായിരുന്ന ജേക്കബ് സ്കറിയ, നാടകപ്രവർത്തകനും ഗാനരചയിതാവുമായ കാവാലം നാരായണപ്പണിക്കർ എന്നിവരുടെ നിര്യാണം

സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കുകയും ചെയ്തു.

## II അടിയന്തരപ്രമേയം

മന്ത്രിസഭാതീരുമാനങ്ങൾ വിവരാവകാശ നിയമപ്രകാരം നൽകുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: മന്ത്രിസഭാ തീരുമാനങ്ങൾ വിവരാവകാശ നിയമപ്രകാരം നൽകണമെന്ന സംസ്ഥാന വിവരാവകാശ കമ്മീഷന്റെ ഉത്തരവ് പാലിക്കാതെ അതിനെതിരെ അപ്പീൽ പോകാനും ജനങ്ങൾക്ക് മന്ത്രിസഭാ തീരുമാനങ്ങൾ അറിയാനുള്ള അവകാശം നിഷേധിക്കാനും ഗവൺമെന്റ് തയ്യാറായതുമൂലം ഉണ്ടായിട്ടുള്ള ആശങ്കാജനകമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ഡി. സതീശൻ, എം. ഉമ്മർ, റോഷി അഗസ്റ്റിൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): മന്ത്രിസഭാ തീരുമാനങ്ങൾ വിവരാവകാശ നിയമപ്രകാരം നൽകണമെന്നത് സംബന്ധിച്ച തെറ്റിദ്ധാരണകളും ആശയക്കുഴപ്പങ്ങളും ഇല്ലാതാക്കുന്നതിന് ഈ ചർച്ച സഹായകമാകും. മന്ത്രിസഭാ

യോഗങ്ങളുടെ അജണ്ട, മിനിട്ട്സ്, യോഗതീരുമാനങ്ങൾ എന്നിവ നടപടിക്രമങ്ങളിലെ ബുദ്ധിമുട്ടുകൾ പരിഹരിച്ച് അപേക്ഷകർക്ക് നൽകണമെന്നും സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്നും വിവരാവകാശ കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്. വിവരാവകാശ നിയമത്തിലെ സെക്ഷൻ 8(1)(I) പ്രകാരം മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷം മാത്രമാണ് ഈ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി രേഖകൾ നൽകാൻ വ്യവസ്ഥ ചെയ്യുന്നത്. ഇതിൽ ഏതെല്ലാം രേഖകൾ ഉൾപ്പെടുമെന്നതിനെക്കുറിച്ച് നിരവധി കോടതിവിധികളുണ്ടെങ്കിലും വിവിധ കോടതികൾ പരിശോധിച്ച എല്ലാ വിഷയങ്ങളും പരിഗണിച്ചശേഷമല്ല സംസ്ഥാന വിവരാവകാശ കമ്മീഷൻ ഇത്തരമൊരു ഉത്തരവ് പുറപ്പെടുവിച്ചതെന്നതിനാൽ ഇക്കാര്യത്തിൽ വ്യക്തത വരുത്തേണ്ടതുണ്ട്. വിവരാവകാശ കമ്മീഷന്റെ ഉത്തരവിനെതിരെ ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ നൽകാൻ തീരുമാനിച്ചിരിക്കുകയാണ്. വിവരാവകാശ നിയമത്തെ ദുർബ്ബലപ്പെടുത്തുന്ന യാതൊരു സമീപനവും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുകയില്ല. മന്ത്രിസഭായോഗ തീരുമാനത്തിന്മേലുള്ള ഉത്തരവുകൾ പുറപ്പെടുവിക്കുമ്പോൾത്തന്നെ, കേരള സർക്കാരിന്റെ വെബ്സൈറ്റിലും ബന്ധപ്പെട്ട വകുപ്പുകളുടെ പ്രത്യേക വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുന്നതിന് അടിയന്തര

നടപടി സ്വീകരിക്കേണ്ടതാണെന്ന് ജൂൺ 14-ന് പുറത്തിറക്കിയ മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. മന്ത്രിസഭാ യോഗതീരുമാനപ്രകാരമുള്ള ഉത്തരവുകൾ 48 മണിക്കൂറിനുള്ളിൽ പുറപ്പെടുവിക്കുന്നുണ്ടെന്നും അജണ്ട, യോഗതീരുമാനങ്ങൾ എന്നിവ ഇനം, നമ്പർ എന്നിവ രേഖപ്പെടുത്തി ഗവൺമെന്റിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നുണ്ടെന്നും ഉറപ്പുവരുത്താൻ എല്ലാ വകുപ്പുസെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. വിവരാവകാശ കമ്മീഷന്റെ ഉത്തരവിൽ വ്യക്തത വരുത്തുന്നതിനായി സെക്രട്ടേറിയറ്റ് മാന്വൽ ഭേദഗതി ചെയ്യാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശ്രീ. വി. ഡി. സതീശൻ</u>: മുഖ്യമന്ത്രിയുടെ മറുപടിയോടുകൂടി പ്രസ്തുത വിഷയത്തിന്മേലുണ്ടായിരുന്ന ആശയക്കുഴപ്പം വർദ്ധിക്കുകയും ഗവൺമെന്റിന്റെ ഉദ്ദേശ്യം എന്താണെന്ന് വ്യക്തമാകുകയും ചെയ്തിരിക്കുകയാണ്. 1.1.2016 മുതൽ 12.4.2016 വരെ നടപടികൾ പൂർത്തിയായ മന്ത്രിസഭാ തീരുമാനങ്ങൾ നൽകാനുള്ള ബാധ്യതയിൽ നിന്ന് ഗവൺമെന്റ് ഒഴിഞ്ഞുമാറുകയാണ്. വിവരാവകാശ കമ്മീഷൻ ഉത്തരവിൽ അവ്യക്തതയില്ലാതിരുന്നിട്ടും അപ്പീൽ പോകാനുള്ള ഗവൺമെന്റിന്റെ തീരുമാനം വിവരാവകാശ നിയമത്തിന്റെ അന്തസ്സത്തയ്ക്ക് വിരുദ്ധമാണ്. നിയമപരമായ പരിശോധന ആവശ്യമില്ലാത്ത വിഷയങ്ങളിന്മേലുള്ള മന്ത്രിസഭാ തീരുമാനം 48

മണിക്കൂറിനുള്ളിൽ സർക്കാർ ഉത്തരവാകേണ്ടതാണ്. മന്ത്രിസഭാ തീരുമാനം പത്രസമ്മേളനത്തിലൂടെ വ്യക്തമാക്കുകയോ വിവരാവകാശ നിയമംവഴി ലഭ്യമാക്കുകയോ ചെയ്യാതെ രഹസ്യമാക്കി വയ്ക്കാനുള്ള സർക്കാർ നടപടി ജനാധിപത്യ വ്യവസ്ഥിതിക്ക് അപകടകരമാണ്. മന്ത്രിസഭാ തീരുമാനങ്ങൾ ജനങ്ങളെ അറിയിക്കാനുള്ള ബാധ്യതയിൽനിന്നും ഒളിച്ചോടാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ശ്രീ. പിണറായി വിജയൻ: പുകമറ സൃഷ്ടിക്കാനുള്ള ശ്രമമാണ് പ്രതിപക്ഷം നടത്തുന്നത്. ചീഫ് സെക്രട്ടറിയുടെ ഓഫീസിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസറാണ് മുഴുവൻ രേഖകളും അപേക്ഷകന് നൽകേണ്ടതെന്ന വിവരാവകാശ കമ്മീഷന്റെ ഉത്തരവിലാണ് അവ്യക്തതയുള്ളത്. ഓരോ വിഷയവും സംബന്ധിച്ച ഫയലിൽ തീരുമാനമെടുക്കേണ്ടത് ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരാണ്. വിവരങ്ങൾ മറച്ചുവയ്ക്കാനുള്ള ഉദ്ദേശ്യം സർക്കാരിനില്ലാത്തതുകൊണ്ടാണ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളത്. മുൻസർക്കാർ കൈക്കൊണ്ട തീരുമാനങ്ങളിന്മേൽ മന്ത്രിസഭാ ഉപസമിതി പരിശോധിച്ച് അന്തിമ തീരുമാനമെടുത്തശേഷമേ വെളിപ്പെടുത്താൻ കഴിയുകയുള്ളൂ. ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും വിവരം നൽകുന്നതിന് യാതൊരു തടസ്സവും ഉണ്ടാകുകയില്ല.

വിവരങ്ങൾ നൽകേണ്ടത് ആരായിരിക്കണമെന്നും എങ്ങനെ നൽകണമെന്നുമുള്ള കാര്യത്തിൽ വ്യക്തത വരുത്തേണ്ടതുണ്ട്. ജനുവരി ഒന്ന് മുതൽ ഏപ്രിൽ മുപ്പത് വരെയുള്ള മുൻമന്ത്രിസഭാ തീരുമാനങ്ങൾ ഉപസമിതിയുടെ പരിശോധനയ്ക്കുശേഷം നടപ്പാക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്. വിവരാവകാശ നിയമവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഉറച്ച നിലപാടുള്ളതുകൊണ്ടാണ് നടപടികൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചിട്ടുള്ളത്. എല്ലാ തലങ്ങളിലും സുതാര്യമായ നടപടികൾക്ക് പ്രാമുഖ്യം നൽകുന്നതാണ്. പൊതുജനങ്ങളുടെ അറിയാനുള്ള അവകാശത്തെ ഹനിക്കുന്ന യാതൊരു സമീപനവും സ്വീകരിക്കുകയില്ല. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, റ്റി.എ. അഹമ്മദ് കബീർ, പി. ജെ. ജോസഫ്, അനൂപ് ജേക്കബ് എന്നീ പ്രതിപക്ഷ കക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു)

**III ശ്രദ്ധക്ഷണിക്കൽ**

## (1) നാളികേര സംഭരണം

ശ്രീ. എം. എം. മണി: കേരളത്തിന്റെ സമ്പദ്ഘടനയിൽ വൻ സ്വാധീനം ചെലുത്തുന്ന നാളികേരത്തിന്റെ വിലയിടിവും തെങ്ങിന്റെ രോഗബാധയും നാളികേര സംഭരണം നിർത്തിവച്ചിരിക്കുന്നതും കാരണം നാളികേര കൃഷി ഇന്ന് വലിയ പ്രതിസന്ധി നേരിടുകയാണ്. നാളികേര കൃഷിയെ സംരക്ഷിക്കുന്നതിനും രോഗബാധ തടയുന്നതിനും നാളികേര സംഭരണത്തിനും ഫലപ്രദമായ നടപടികൾ സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): നാളികേരത്തിന്റെ വിലയിടിവ് തടയുന്നതിന് കേരഫെഡിന്റെ സഹകരണത്തോടെ കൃഷിഭവനുകൾ മുഖേന പച്ചനാളികേരം സംഭരിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കിവരുന്നു. നാളികേരത്തിന് ന്യായവില ഉറപ്പുവരുത്തിക്കൊണ്ട് വിലയിടിവിൽ നിന്ന് കർഷകരെ സംരക്ഷിക്കുകയും സംഭരണത്തിന്റെ പ്രയോജനം യഥാർത്ഥ കർഷകർക്ക് നേരിട്ട് എത്തിക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. കിലോയ്ക്ക് 25 രൂപ നിരക്കിൽ സംഭരിക്കുന്ന നാളികേരത്തിന്റെ വില കർഷകർക്ക് ബാങ്ക് അക്കൗണ്ട് മുഖേന നൽകിവരുന്നു. 2016-17 -ലെ പുതുക്കിയ ബഡ്ജറ്റിൽ സംഭരണ വില 27 രൂപയായി വർദ്ധിപ്പിക്കുകയും 100 കോടി രൂപ പച്ചത്തേങ്ങ സംഭരണത്തിനായി വകയിരുത്തുകയും നാഫെഡുമായി സഹകരിച്ച് കൊപ്ര

സംഭരണ പദ്ധതി ശക്തിപ്പെടുത്തുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിന് മൂന്ന് കേന്ദ്രങ്ങളിൽ അഗ്രോപാർക്കുകൾ ആരംഭിക്കുന്നതിനും നീര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി ഉയരം കുറഞ്ഞ തെങ്ങുകൾ വ്യാപകമാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. രോഗബാധയുള്ള തെങ്ങുകൾ വെട്ടിമാറ്റുന്നതിന് കൃഷിഭവൻ മുഖേന ധനസഹായം നൽകിവരുന്നുണ്ട്.

## (2) റാഗിംഗ്

ശ്രീ. പി. ഉബൈദുള്ള: സംസ്ഥാനത്തിനകത്തും പുറത്തുമുള്ള കോളേജ് ക്യാമ്പസുകളിൽ റാഗിംഗിന്റെ പേരിൽ ക്രൂരമായ പീഡനങ്ങൾക്ക് ഇരയായിക്കൊണ്ടിരിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം ദിവസേന വർദ്ധിച്ചുവരികയാണ്. റാഗിംഗിന് ഇരയാകുന്നവർ പുറത്ത് പറയാൻ മടിക്കുന്നതും പരാതിപ്പെട്ടാലും വിദ്യാലയ അധികൃതർ മൂടിവയ്ക്കാൻ ശ്രമിക്കുന്നതും പല റാഗിംഗ് വാർത്തകളും പുറത്തുവരാതിരിക്കാൻ കാരണമാകുന്നുണ്ട്. ഇതര സംസ്ഥാനങ്ങളിലെ കോളേജുകളിൽ നടക്കുന്ന ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതും അതിന് ഇരയാകുന്നതും മലയാളികളാണെന്നതാണ് വസ്തുത. വിദ്യാലയങ്ങളിൽ റാഗിംഗ് തടയുന്നതിനുള്ള കർശന നടപടി സ്വീകരിക്കണം. വിദ്യാർത്ഥി സംഘടനകളുടെയും കലാലയാധികൃതരുടെയും സമൂഹത്തിന്റേയും

നിതാന്ത ജാഗ്രത ഇക്കാര്യത്തിലുണ്ടാകാനും റാഗിംഗ് നിരോധന നിയമം കർശനമായി നടപ്പാക്കാനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): വിദ്യാഭ്യാസ മേഖലയിൽ രാജ്യത്താകമാനം നടക്കുന്ന പ്രശ്നമെന്ന നിലയിൽ വിദ്യാർത്ഥികളുടെയും രക്ഷകർത്താക്കളുടെയും ആശങ്ക അകറ്റുന്നതിനും റാഗിംഗ് ഫലപ്രദമായി തടയുന്നതിനുമായി കുറ്റം ചെയ്യുന്നവരേയും അതിന് പ്രേരിപ്പിക്കുകയോ പ്രചരിപ്പിക്കുകയോ പങ്കാളികളാകുകയോ ചെയ്യുന്നവരേയും കുറ്റകൃത്യം യഥാസമയം മേലധികാരികളുടെ ശ്രദ്ധയിൽപ്പെടുത്താത്ത വിദ്യാലയ മേധാവികളേയും കുറ്റക്കാരെന്ന് കണ്ടെത്തി നിലവിലുള്ള നിയമപ്രകാരം കേസ് രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിച്ചുവരുന്നുണ്ട്. റാഗിംഗിനെതിരെ ശക്തമായ നിലപാടുകൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര ഗവൺമെന്റ് എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും ആന്റി റാഗിംഗ് സെല്ലുകൾ രൂപീകരിക്കുന്നതിനും പരാതി പരിഹാരത്തിനായി ആന്റി റാഗിംഗ് ഹെൽപ്പ്ലൈൻ സജ്ജമാക്കുന്നതിനും റാഗിംഗ് വിരുദ്ധ സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കുന്നതിനുമുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. അതത് പോലീസ് സ്റ്റേഷനുകളിൽ ലഭ്യമായിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ കോളേജുകളുടെയും ക്യാമ്പസിനകത്തും പുറത്തുമുള്ള ഹോസ്റ്റലുകളുടെയും വിശദവിവരങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നതോടൊപ്പം

ക്യാമ്പസുകളിലും ഹോസ്റ്റലുകളിലും പോലീസ് ഉദ്യോഗസ്ഥരുടെ ഫോൺ നമ്പരുകൾ പ്രദർശിപ്പിക്കുകയും ചെയ്യുന്നുണ്ട്. റാഗിംഗിനെതിരെ കേരളത്തിലെ വിദ്യാർത്ഥി സംഘടന പ്രവർത്തകർ ഒറ്റക്കെട്ടായ നിലപാടാണ് സ്വീകരിക്കുന്നത്. 1998-ലെ കേരള പ്രൊഹിബിഷൻ ഓഫ് റാഗിംഗ് ആക്ടിലെ വ്യവസ്ഥകൾ കേന്ദ്ര നിയമത്തിനനുസരിച്ച് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ടി നിയമത്തിൽ ഭേദഗതി വരുത്തി കേരള പ്രൊഹിബിഷൻ ഓഫ് റാഗിംഗ് (അമന്റ്മെന്റ്) ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്.

## IV **സബ്മിഷൻ**

### (1) താനൂർ തീരപ്രദേശത്തെ അക്രമങ്ങൾ

(പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. എം. ഉമ്മറും നോട്ടീസ് നൽകിയിട്ടുണ്ട്.)

ശ്രീ. വി. അബ്ദുറഹിമാൻ: താനൂർ തീരപ്രദേശത്ത് തുടർച്ചയായി നടന്നുകൊണ്ടിരിക്കുന്ന അക്രമ സംഭവങ്ങൾക്കെതിരെ നടപടി സ്വീകരിക്കണം.

ശ്രീ. എം. ഉമ്മർ: താനൂർ പോലീസ് സ്റ്റേഷൻ പരിധിയിപ്പെട്ട ചാത്തപ്പടി പ്രദേശത്തെ സംഘട്ടനങ്ങളെത്തുടർന്ന് അവിടത്തെ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായി പോലീസ് നടത്തിയ അക്രമങ്ങൾക്കെതിരെ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): നിയമസഭാ

തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് താനൂർ തീരപ്രദേശങ്ങളിൽ സംഘർഷാവസ്ഥ നിലനിന്നിരുന്നു. ജൂലായ് 16-ാം തീയതി ചാത്തപ്പടി പ്രദേശത്ത് നടന്ന അക്രമത്തിൽ ഒരു സി.പി.എം. പ്രവർത്തകനെ മുസ്ലീംലീഗ് പ്രവർത്തകർ ദേഹോപദ്രവമേൽപ്പിച്ചതിനെത്തുടർന്ന് ജനങ്ങൾ അവിടെയെത്തിയ പോലീസ് ഉദ്യോഗസ്ഥരെ ആക്രമിച്ച് പരിക്കേൽപ്പിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകൾ പ്രകാരം താനൂർ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരികയും കുറ്റക്കാരാണെന്ന് തിരിച്ചറിഞ്ഞ നാലുപേരെ അറസ്റ്റു ചെയ്യുകയും ചെയ്തു. വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിലാണ് ടി കേസുമായി ബന്ധപ്പെട്ട പ്രതികളുടെ വീടുകളിൽ അന്വേഷണം നടത്തിയിട്ടുള്ളതെന്നും നിയമാനുസൃതമായ കാര്യങ്ങൾ മാത്രമേ നടന്നിട്ടുള്ളൂവെന്നും അവരുടെ കുടുംബാംഗങ്ങൾക്ക് യാതൊരുവിധ ബുദ്ധിമുട്ടുണ്ടാക്കിയിട്ടില്ലെന്നുമുള്ള റിപ്പോർട്ടാണ് ലഭിച്ചിട്ടുള്ളത്. താനൂർ തീരപ്രദേശങ്ങളിൽ സമാധാനം പുന:സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട പാർട്ടികളുടെ ഭാഗത്തുനിന്നും ആത്മാർത്ഥമായ സഹകരണമുണ്ടാകണം.

(2) ശിശുക്ഷേമ സമിതി തെരഞ്ഞെടുപ്പ്

ശ്രീ. എം. വിൻസെന്റ്: തിരുവനന്തപുരത്ത് ശിശുക്ഷേമ സമിതി തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അക്രമം നടത്തിയവർക്കെതിരെ നടപടി

സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഹൈക്കോടതി ഉത്തരവിനെത്തുടർന്ന് കഴിഞ്ഞ 16-ാം തീയതിയാണ് ശിശുക്ഷേമ സമിതി തെരഞ്ഞെടുപ്പ് നടന്നത്. ദത്തെടുക്കൽ, ശിശുദിന സ്റ്റാമ്പുകളിലെ തുകയുടെ വിനിയോഗം, അനധികൃത നിയമനങ്ങൾ തുടങ്ങി ധാരാളം ക്രമക്കേടുകൾ നിലവിലുണ്ടായിരുന്ന ശിശുക്ഷേമ സമിതിയിൽ 2012 മാർച്ച് മാസം മുതൽ അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തി. 2013-ൽ റിക്കോർഡുകൾ നഷ്ടമായതു സംബന്ധിച്ച് ക്രിമിനൽ കേസെടുക്കാൻ ഗവൺമെന്റ് കളക്ടർക്ക് നിർദ്ദേശം നൽകുകയും 2015-ൽ ഇതുമായി ബന്ധപ്പെട്ട് കളക്ടർ ഡി.ജി.പി.ക്ക് കത്ത് നൽകുകയുമുണ്ടായി. 2015 മാർച്ച് 9-ന് 868 അംഗങ്ങളെ ഉൾപ്പെടുത്തി നിലവിൽ വന്ന പുതിയ രജിസ്റ്ററിൽ കൃത്രിമങ്ങൾ നടത്തിയിരിക്കുന്നതായി റിട്ടേണിംഗ് ഓഫീസർ ഹൈക്കോടതിൽ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഹൈക്കോടതി വിധി മാനിച്ചുകൊണ്ടുള്ള തെരഞ്ഞെടുപ്പിൽ ആകെ 590 വോട്ടർമാരാണ് സമാധാനപരമായി വോട്ട് രേഖപ്പെടുത്തിയത്. പോളിംഗ് ഏജന്റുമാർ തമ്മിൽ ചെറിയ വാക്കുതർക്കമുണ്ടായതൊഴികെ ബൂത്ത് കയ്യേറ്റമോ അതിക്രമങ്ങളോ അവിടെ ഉണ്ടായിട്ടില്ല. തെരഞ്ഞെടുപ്പിൽ അട്ടിമറിശ്രമം നടന്നതായി റിപ്പോർട്ട് ചെയ്തിട്ടില്ല. ഹൈക്കോടതിയുടെയും റിട്ടേണിംഗ് ഓഫീസറുടെയും ഉത്തരവുപ്രകാരമാണ്

പോലീസ് കൃത്യനിർവ്വഹണം നടത്തിയത്. ശിശുക്ഷേമ സമിതിയുടെ പ്രവർത്തനം നല്ല രീതിയിൽ കൊണ്ടുപോകാനുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്.

(3) നിർമ്മാണ രംഗത്തെ പ്രതിസന്ധി

ശ്രീ. രാജു എബ്രഹാം: സംസ്ഥാനത്ത് കെട്ടിട നിർമ്മാണ വസ്തുക്കളുടെ അനിയന്ത്രിതമായ വിലക്കയറ്റം തടയുന്നതിനും നിർമ്മാണ വസ്തുക്കൾ സബ്സിഡി നിരക്കിൽ സഹകരണ സ്ഥാപനങ്ങൾവഴി ബി.പി.എൽ. കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനും കരാറുകാർക്ക് ലൈസൻസും ക്ഷേമനിധിയും ഏർപ്പെടുത്തുന്നതിനും ഈ മേഖലയെ വ്യവസായമായി അംഗീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): കരിങ്കല്ല്, വെട്ടുകല്ല്, മണൽ, ഇഷ്ടികച്ചെളി എന്നിവ ഖനനം ചെയ്യാൻ സാധിക്കാത്തതിനാൽ കെട്ടിട നിർമ്മാണരംഗത്തുണ്ടായിട്ടുള്ള പ്രതിസന്ധി സംബന്ധിച്ചാണ് എഴുതിത്തന്നിട്ടുള്ളത്. 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടമനുസരിച്ച് എല്ലാ പ്രവൃത്തികൾക്കും പാരിസ്ഥിതികാനുമതി അനിവാര്യമാണ്. എന്നാൽ 5 ഹെക്ടറിൽ താഴെയുള്ള സ്ഥലത്തുനിന്ന് ചെറുകിട വ്യവസായങ്ങൾക്ക് കരിങ്കല്ല്, വെട്ടുകല്ല്, മണൽ എന്നിവയുടെ ഖനനത്തെ പാരിസ്ഥിതികാനുമതി നേടുന്നതിൽനിന്നും ഒഴിവാക്കിയിരുന്നു. ഇത് വ്യാപകമായി ദുരുപയോഗം

ചെയ്തതിനെത്തുടർന്നുണ്ടായ സുപ്രീം കോടതി വിധിയനുസരിച്ച് ചെറുകിട ധാതുക്കളുടെ ഖനനത്തിന് പാരിസ്ഥിതികാനുമതി അനിവാര്യമാക്കിക്കൊണ്ടുള്ള ഉത്തരവ് കേന്ദ്രസർക്കാർ പുറപ്പെടുവിക്കുകയുണ്ടായി. ഇതിനെത്തുടർന്ന് 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുകയും പാരിസ്ഥിതിക ക്ലിയറൻസ് ഇല്ലാതെ ഖനനം ചെയ്യാൻ സാധിക്കാത്ത സ്ഥിതിവിശേഷം ഉണ്ടാകുകയും ചെയ്തു. കേന്ദ്രഗവൺമെന്റ് ചട്ടമനുസരിച്ച് ഇക്കാര്യം പരിശോധിക്കുന്നതിനായി സുപ്രീം കോടതി നിയമിച്ച ജില്ലാതല പരിസ്ഥിതി നിർണ്ണയ അതോറിറ്റി ഇതുവരെ പ്രവർത്തനമാരംഭിച്ചിട്ടില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ജില്ലാതല അതോറിറ്റി യോഗം അടിയന്തരമായി ചേർന്ന് പരിസ്ഥിതി ക്ലിയറൻസ് നൽകേണ്ട കാര്യങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സിമന്റിന്റെ വിലക്കയറ്റം തടയുന്നതിന് കേരളത്തിലെ സിമന്റ് കമ്പനി ഡീലേഴ്സുമായി ചർച്ച നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. മറ്റ് കാര്യങ്ങൾ സംബന്ധിച്ച് പ്രത്യേകം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (4) പരമ്പരാഗത വ്യവസായത്തകർച്ച

ശ്രീ. കെ. ആൻസലൻ: നെയ്യാറ്റിൻകര താലൂക്കിൽ പ്രവർത്തിച്ചുവരുന്ന ഇഷ്ടിക-മൺപാത്ര നിർമ്മാണ വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന് നടപടി

സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): നെയ്യാറ്റിൻകര താലൂക്കിലെ കളിമൺപാത്ര വ്യവസായം പ്രതിസന്ധിയിലായിരിക്കുകയാണ്. കളിമണ്ണ് ലഭ്യമല്ലാത്തതുകൊണ്ട് പല സ്ഥലങ്ങളിലെയും ടൈൽ ഫാക്ടറികൾ പൂട്ടിക്കിടക്കുകയും പാരിസ്ഥിതിക പ്രശ്നത്തിന്റെ പേരിൽ ജനങ്ങളാകെ പ്രക്ഷോഭത്തിലുമാണ്. കളിമണ്ണ് ശേഖരിച്ച പ്രദേശങ്ങൾ കുണ്ടുംകുഴിയുമായിത്തീർന്നതിനാൽ അവ നികത്തി കൃഷിക്കും മറ്റാവശ്യങ്ങൾക്കും ഉപയോഗിക്കേണ്ടതാണ്. 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടപ്രകാരം ഏതാണ്ട് 50 ടൺ കളിമണ്ണ് ഖനനം ചെയ്യുന്നതിന് പ്രത്യേക അനുമതിയൊന്നും ആവശ്യമില്ലെങ്കിലും അവ ലോറിയിൽ കൊണ്ടുപോകുന്നതിന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽനിന്ന് സ്പെഷ്യൽ പാസ് ആവശ്യമാണ്. ഭൂമിയുടെ കൈവശരേഖയും മാപ്പും ജിയോളജിക്കൽ ഡിപ്പാർട്ടുമെന്റിന് സമർപ്പിക്കുമ്പോൾ അത് പരിശോധിച്ച് ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാ വിദഗ്ദ്ധ സമിതിയാണ് അനുമതി നൽകുന്നത്. പല സ്ഥലത്തുമുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങളും ഈ രംഗത്ത് പ്രവർത്തിക്കുന്നവരുമായുള്ള സമ്പർക്കത്തിലൂടെ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. പ്രധാനമായും നെൽവയലുകൾ ഖനനത്തിന്

വിധേയമാകുന്നതിനാൽ 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾക്ക് പ്രതികൂലമാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്. നിയമപ്രകാരം കൃഷി ഭൂമിയിൽ ഖനനം ചെയ്യുന്നതിന് ചില നിയന്ത്രണങ്ങളുണ്ടെങ്കിലും മറ്റ് സ്ഥലങ്ങളിൽനിന്ന് ഖനനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(5)പുറമ്പോക്ക് ഭൂമിക്ക് പട്ടയം

ശ്രീ. ബി. ഡി. ദേവസ്സി: തൃശ്ശൂർ ജില്ലയിലെ വിവിധ വകുപ്പുകൾക്ക് കീഴിലുള്ള പുറമ്പോക്ക് ഭൂമിയിൽ കാലങ്ങളായി താമസിക്കുന്നവർക്ക് പട്ടയം ലഭ്യമാക്കുന്നതിന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് യോഗം കൂട്ടുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : തൃശ്ശൂർ ജില്ലയിലെ ചാവക്കാട്, ചാലക്കുടി താലൂക്കുകൾ ഒഴികെ കനാൽ പുറമ്പോക്കുകളിൽ താമസിക്കുന്നവരുടെ എണ്ണം കൃത്യമായി കണക്കാക്കിയിട്ടില്ല. ജില്ലയിൽ 1800-ഓളം മലയോര കർഷകർക്ക് പട്ടയം ലഭിക്കാനുണ്ട്. 1994-ലെ കേരള പഞ്ചായത്തീരാജ്-മുനിസിപ്പൽ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം നദീതടങ്ങൾ, അരുവികൾ, കനാലുകൾ, കായലുകൾ, തടാകങ്ങൾ, ജലസംഭരണികൾ, നീർത്തടങ്ങൾ, നീരുറവകൾ തുടങ്ങിയ മുഴുവൻ ജലസ്രോതസ്സുകളും അവയുമായി ബന്ധപ്പെട്ട

പുറമ്പോക്ക് ഭൂമിയും അതാത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ തന്നെ നിക്ഷിപ്തമായിട്ടുള്ളതാണ്. അങ്ങനെയുള്ള പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് ഭൂമി നൽകുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ അനുവാദവും നടപടിക്രമങ്ങളും പാലിക്കേണ്ടതുണ്ട്. തൃശ്ശൂർ ജില്ലയിലെ പെരിങ്ങൽകുത്ത് ജലവൈദ്യുത പദ്ധതിക്കായി വൈദ്യുതി വകുപ്പ് അനുവദിച്ച 544 ഏക്കർ വനഭൂമി കയ്യേറി താമസിക്കുന്ന 116 കുടുംബങ്ങൾക്ക് കൈവശാവകാശ രേഖ നൽകുന്നതുമായി ബന്ധപ്പെട്ട് സംയുക്ത പരിശോധന പൂർത്തീകരിച്ചിട്ടുണ്ട്. അത്രയും വനഭൂമിക്ക് തുല്യമായ റവന്യൂ ഭൂമി കണ്ടെത്തി കേന്ദ്ര സർക്കാരിന്റെ അനുവാദത്തോടുകൂടി പതിച്ചുനൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ യോഗം വിളിക്കുന്നതാണ്.

(6) റീ-സർവ്വേ

ശ്രീ. വി. ജോയി : വർക്കല നിയോജകമണ്ഡലത്തിലെ കെട്ടിക്കിടക്കുന്ന റീ-സർവ്വേ അപേക്ഷകളിന്മേൽ തീർപ്പുകൽപ്പിച്ച് പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): വർക്കല നിയോജകമണ്ഡലത്തിൽ റീ-സർവ്വേ നടപടികൾ പൂർത്തിയാക്കിയ 12

വില്ലേജുകളിലെ അപാകതകൾ പരിഹരിക്കുന്നതിനായി താലൂക്കിൽ ലഭ്യമായ 11660 അപേക്ഷകളിൽ 6511 എണ്ണത്തിന്റെ നടപടി പൂർത്തിയാക്കുകയും ബാക്കി 5149 അപേക്ഷകളിൽ വില്ലേജ് തിരിച്ച് നടപടി സ്വീകരിച്ചുവരികയുമാണ്. റീ-സർവ്വേ സംബന്ധിച്ച കുടിശ്ശിക ഫയലുകൾ ത്വരിതഗതിയിൽ തീർപ്പാക്കുന്നതിനായി സർവ്വേയർമാരുടെ യോഗം വിളിച്ച് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിലുള്ള ലാന്റ് അസൈൻമെന്റ് കമ്മിറ്റിയുടെ കാലാവധി കഴിഞ്ഞതിനാൽ പുതിയ കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചശേഷം ലഭ്യമായ അപേക്ഷകൾക്ക് പട്ടയം നൽകുന്നതിന് തുടർ നടപടി സ്വീകരിക്കുന്നതാണ്.

(7) പുനരധിവാസ കോളനികളിലെ ശോച്യാവസ്ഥ

ശ്രീ. ആർ. രാമചന്ദ്രൻ : സുനാമി പുനരധിവാസ കോളനികളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : 2004-ലെ സുനാമി ദുരന്തത്തിൽ വീടും വസ്തുവകകളും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി രൂപം കൊടുത്ത സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെട്ട ഭൂരിപക്ഷം വീടുകളുടെയും ഫ്ലാറ്റുകളുടെയും നിർമ്മാണം പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. ഇവിടെ കുടിവെള്ളക്ഷാമം,

ഡ്രെയിനേജ് സംവിധാനത്തിലെ പോരായ്മ, സെപ്റ്റിക് ടാങ്ക് കവിഞ്ഞൊഴുകൽ, മഴക്കാലത്ത് വെള്ളക്കെട്ട് തുടങ്ങിയവ ഉണ്ടാകുന്നതിനാൽ അവ സുനാമി ഫണ്ട് ഉപയോഗിച്ച് പരിഹരിക്കണമെന്നാവശ്യപ്പെട്ട് നിവേദനങ്ങൾ ലഭിക്കുന്നുണ്ട്. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ജല അതോറിറ്റിയുമായി ചേർന്ന് നടപടി സ്വീകരിച്ചുവരുന്നു. സുനാമി പുനരധിവാസ പദ്ധതി തുടർ പദ്ധതിയല്ലാത്തതിനാൽ നവീകരണ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ തുക വകയിരുത്താറില്ല. അതിനാൽ തുടർന്നുവരുന്ന നവീകരണ പ്രവർത്തനങ്ങൾക്കാവശ്യമായ തുക ഗുണഭോക്താക്കൾ തന്നെ വഹിക്കേണ്ടതാണ്. വീട് നിർമ്മാണത്തിന് ഫണ്ടിന്റെ അപര്യാപ്തതമൂലം രണ്ടാം ഗഡു ലഭിക്കാത്തവർക്ക് എഗ്രിമെന്റ് വയ്ക്കുന്ന മുറയ്ക്ക് ഒരു ലക്ഷം രൂപ കൂടി നൽകുന്നതിന് 22.6.2016-ലെ ഉത്തരവിലൂടെ അനുമതി നൽകിയിട്ടുണ്ട്.

## (8) <u>ആറന്മുള സുരക്ഷാക്രമീകരണം</u>

(പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ, എം.എൽ.എ. യും സംസാരിക്കാൻ അവസരം ആവശ്യപ്പെട്ടിട്ടുണ്ട്.)

<u>ശ്രീമതി വീണാ ജോർജ്ജ്</u> : ഞായറാഴ്ച ആറന്മുളയിൽ വള്ളസദ്യക്കെത്തിയ പള്ളിയോടം മറിഞ്ഞ് 2 പേർ മരണപ്പെടുകയുണ്ടായി. ഏകദേശം 30,000 പേർ പമ്പയാറ്റിലൂടെ ആറന്മുള ക്ഷേത്രക്കടവിലെത്തുകയാണ് പതിവ്. എന്നാൽ

സർക്കാരിന്റേതായ സുരക്ഷാക്രമീകരണങ്ങളൊന്നും അവിടെ ഏർപ്പെടുത്തിയിരുന്നില്ല. കഴിഞ്ഞ ദിവസം അപകടമുണ്ടായപ്പോൾ കൊല്ലം, ആലപ്പുഴ, എറണാകുളം എന്നിവിടങ്ങളിൽ നിന്നുള്ള മുങ്ങൽ വിദഗ്ദ്ധരുടെ സേവനം അഭ്യർത്ഥിച്ചെങ്കിലും അവർ വളരെ വൈകിയാണ് എത്തിയത്. ഏതാണ്ട് 86 ദിവസം നീണ്ടുനിൽക്കുന്ന വള്ളസദ്യയും ഉത്തൃട്ടാതി ജലമേളയുമാണ് അവിടെ നടക്കുന്നത്. ലക്ഷക്കണക്കിന് ആളുകൾ വന്നുപോകുന്നതും ആറ്റിലൂടെ സഞ്ചരിക്കേണ്ടതുമായ ഒരു പ്രദേശമാണത്. അവിടെ സർക്കാരിന്റെ സുരക്ഷാക്രമീകരണങ്ങൾ വളരെ അടിയന്തരമായി നടപ്പാക്കണം.

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : ആറന്മുളയിൽ വള്ളം മറിഞ്ഞ് മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകുന്നതിനും ആവശ്യമായ സുരക്ഷാക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : ആറന്മുളയിൽ പള്ളിയോടം മറിഞ്ഞ് കാണാതായ രണ്ടുപേരെ കണ്ടെത്തുന്നതിന് നേവി ഉൾപ്പെടെയുള്ള സേനകൾ തിരച്ചിൽ നടത്തി രണ്ട് മൃതദേഹങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ദുരന്തലഘൂകരണത്തിനായി പത്തനംതിട്ട ജില്ലയ്ക്ക് 2013-15 കാലയളവിൽ അനുവദിച്ച തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് കൂടുതൽ തുക അനുവദിക്കുന്നതാണ്. ആറന്മുള വള്ളസദ്യയുടെ

സുരക്ഷാക്രമീകരണവുമായി ബന്ധപ്പെട്ട് മുന്നോട്ടുവച്ചിട്ടുള്ള നിർദ്ദേശങ്ങൾ പരിഗണിക്കുന്നതാണ്. ദുരന്തത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുമായി ആലോചിച്ച് ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം നൽകുന്നതാണ്.

(9) താൽക്കാലിക ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ

ശ്രീ. മോൻസ് ജോസഫ്: ജലവിഭവ വകുപ്പിലെ എച്ച്.ആർ/എസ്.എൽ.ആർ. വിഭാഗം താൽക്കാലിക ജീവനക്കാരെ വർക്കർ തസ്തികയിലേയ്ക്ക് പരിഗണിക്കുന്നതിനും പമ്പ് ഓപ്പറേറ്റർ തസ്തികയിലെ അർഹരായ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനും ഒബ്സർവ്വർ തസ്തികയിലെ പരിചയസമ്പന്നരായ താൽക്കാലിക ജീവനക്കാരെ നിലനിർത്തുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): എച്ച്.ആർ./സി.എൽ.ആർ./എസ്.എൽ.ആർ. വിഭാഗം ജീവനക്കാർക്കുവേണ്ടി പ്രത്യേക തസ്തികകളൊന്നും സൃഷ്ടിക്കപ്പെട്ടിട്ടില്ല. ഈ വിഭാഗം സർവ്വീസ് ചട്ടങ്ങൾക്ക് കീഴിൽ വരാത്തതുകൊണ്ട് പ്രത്യേക സേവന-വേതന വ്യവസ്ഥകൾ ഇല്ല. പുതുക്കി നിശ്ചയിച്ച ദിവസവേതനം ഇവർക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. പമ്പ് ഓപ്പറേറ്റർ, ഒബ്സർവ്വർ, അസിസ്റ്റന്റ് ഒബ്സർവ്വർ എന്നീ തസ്തികകളിലെ ജീവനക്കാരെ സ്ഥിരപ്പെടുത്താൻ

നിയമത്തിൽ വ്യവസ്ഥയില്ല. മറ്റു വകുപ്പുകളിലെ സമാന ജീവനക്കാർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ ഈ വിഭാഗത്തിനും അനുവദിക്കുന്ന കാര്യം നിലവിലെ വ്യവസ്ഥകൾക്ക് വിധേയമായി പരിശോധിക്കുന്നതാണ്.

(10) <u>വിദ്യാഭ്യാസ വായ്പ തിരിച്ചടവ്</u>

<u>ശ്രീ. പി. സി. ജോർജ്:</u> വിദ്യാഭ്യാസ വായ്പ ഈടാക്കാൻ ബാങ്കുകൾ സ്വീകരിക്കുന്ന മനുഷ്യത്വരഹിതമായ സമീപനം അവസാനിപ്പിക്കുന്നതിനും വായ്പ തിരിച്ചടയ്ക്കാൻ ബുദ്ധിമുട്ടുള്ള വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ആശ്വാസം നൽകുന്നതിനും നടപടിയുണ്ടാകണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി <u>(ഡോ. ടി. എം. തോമസ് ഐസക്)</u>: വിദ്യാഭ്യാസ വായ്പയെടുത്ത ബി.പി.എൽ. വിഭാഗത്തിലെ വിദ്യാർത്ഥികളുടെ പഠന കാലത്തെ പലിശ ബാധ്യത സർക്കാർ ഏറ്റെടുക്കുന്ന നടപടികളുടെ ഭാഗമായി റവന്യൂ റിക്കവറി നടപടികൾ മരവിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കുറഞ്ഞ വാർഷിക വരുമാനമുള്ളവർക്ക് വിദ്യാഭ്യാസ വായ്പയിന്മേൽ കേന്ദ്ര സർക്കാർ പലിശ സബ്സിഡി അനുവദിച്ചിട്ടുണ്ട്. ബാങ്കേഴ്സ് ലെവൽ കമ്മിറ്റിയുടെ അടിയന്തരയോഗം വിളിച്ച് വിവിധ ബാങ്കുകൾ അനുവദിച്ചിട്ടുള്ള വിദ്യാഭ്യാസ വായ്പയുടെ കണക്ക് പരിശോധിക്കുന്നതിനും ജോലി ലഭിക്കുന്നതുവരെ വായ്പാതിരിച്ചടവ് ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ലഭ്യമാകുന്ന വരുമാനത്തിന്റെ

നിശ്ചിത ശതമാനം തിരിച്ചടവ് ഈടാക്കുന്നതിനും സന്നദ്ധമാണെങ്കിൽ ജോലി ലഭ്യമാകുന്ന കാലയളവ് വരെയുള്ള പലിശയ്ക്ക് സർക്കാർ ധനസഹായത്തിനുള്ള സ്കീമുണ്ടാക്കുന്ന കാര്യവും പരിഗണിക്കുന്നതാണ്.

(11) ജാതി സർട്ടിഫിക്കറ്റ്

ശ്രീ. സി. കെ. ശശീന്ദ്രൻ: പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കുടിയേറിപ്പാർത്ത പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 1950-ന് മുമ്പ് സ്ഥിരതാമസമാക്കിയതിന്റെ രേഖകളും സ്വന്തം സംസ്ഥാനത്ത് താമസിച്ചിരുന്നതിന്റെ രേഖകളും ഇല്ലാത്തതിനാൽ ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള തെളിവുകൾ ഹാജരാക്കുന്നതിൽ ബുദ്ധിമുട്ട് നേരിടേണ്ടിവരുന്നുണ്ട്. അത്തരം വിഭാഗങ്ങളുടെ പരാതി കിർത്താഡ്സ് മുഖേന നരവംശശാസ്ത്രപരമായ തെളിവുകൾ ശേഖരിച്ച് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. എന്നാൽ 1950-ന് മുമ്പ് സംസ്ഥാനത്ത് കുടിയേറിപ്പാർത്തതായി തെളിവുകൾ നൽകുന്നവർക്ക് സർട്ടിഫിക്കറ്റ്

നൽകുന്നതിൽ യാതൊരു തടസ്സവുമില്ല.

(12) <u>അഭിഭാഷക ക്ഷേമനിധി</u>

<u>ശ്രീമതി പി. അയിഷാ പോറ്റി</u> : അഭിഭാഷകരുടെ ക്ഷേമനിധി തുക ഉയർത്തുന്നതിനും ലീഗൽ ബെനിഫിറ്റ് ഫണ്ടിൽനിന്നും ആനുപാതികമായ തുക ലഭിക്കുന്നതിനും ജൂനിയർ അഭിഭാഷകർക്ക് സ്റ്റൈപന്റ് നൽകുന്നതിനും നടപടി സ്വീകരിക്കണം.

പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>) : അഭിഭാഷകരുടെ ക്ഷേമനിധി അഞ്ച് ലക്ഷം രൂപയിൽ നിന്ന് പത്തുലക്ഷം രൂപയായി വർദ്ധിപ്പിക്കാനുള്ള നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. 1980-ലെ കേരള അഡ്വക്കേറ്റ്സ് വെൽഫയർ ഫണ്ട് ആക്ട് ഭേദഗതി ചെയ്ത് കരട് ഭേദഗതി ബിൽ തയ്യാറാക്കുകയും നടപടിക്രമങ്ങൾ പൂർത്തീകരിക്കുകയും ചെയ്യുന്ന മുറയ്ക്ക് ബിൽ പാസ്സാക്കുന്നതാണ്. ലീഗൽ ബെനിഫിറ്റ് ഫണ്ടിൽ നിന്ന് ആനുപാതികമായ തുക അഭിഭാഷക ക്ഷേമനിധിയിലേക്ക് ലഭിക്കുന്നില്ല. കോർട്ട് ഫീസ്, സല എന്നിവയുടെ വിഹിതമായി പിടിക്കുന്ന തുകയിൽ 50 ശതമാനം അഭിഭാഷക ക്ഷേമനിധിയിലേക്ക് നൽകണം. 30 ശതമാനം അഡ്വക്കേറ്റ്സ് ക്ലാർക്കുമാരുടെ ക്ഷേമനിധിയിലേക്കും 20 ശതമാനം

കോടതിയിലെ മറ്റ് ആവശ്യങ്ങൾക്കുമാണ് നൽകേണ്ടത്. എന്നാൽ ഇപ്പോൾ വീതം വയ്ക്കുന്നത് ഈ അനുപാതത്തിലല്ല. ഈ രീതിക്ക് മാറ്റം വരുത്തുന്ന കാര്യം നിയമ വകുപ്പ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ജൂനിയർ അഭിഭാഷകർക്ക് സ്റ്റൈപന്റ് നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുന്ന കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

(13) കുഴിമണ്ണ സി.എച്ച്.സി.യിലെ അടിസ്ഥാന സൗകര്യങ്ങൾ

ശ്രീ. പി. കെ. ബഷീർ : കുഴിമണ്ണ പഞ്ചായത്തിലെ സി.എച്ച്.സി.-യിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : പദവി ഉയർത്തിയ പല സി.എച്ച്.സി. -കളിലും പാറ്റേൺ അനുസരിച്ചുള്ള തസ്തിക സൃഷ്ടിക്കുകയോ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുകയോ ചെയ്തിരുന്നില്ല. പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(14) നെടുങ്ങോലം താലൂക്കാശുപത്രി

ശ്രീ. ജി. എസ്. ജയലാൽ : നെടുങ്ങോലം താലൂക്കാശുപത്രിയിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും

നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : നെടുങ്ങോലം താലൂക്കാശുപത്രിയിൽ ആധുനിക ചികിത്സാ സംവിധാനം നിലവിലുണ്ടെങ്കിലും ജനകീയ ചികിത്സ ഉറപ്പു വരുത്തുന്നതിന് പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടത് അത്യാവശ്യമാണ്. അതിനായി പ്രൊപ്പോസൽ സമർപ്പിക്കുന്നതും മുമ്പ് സമർപ്പിച്ച പ്രൊപ്പോസലിന്റെ നിജസ്ഥിതി പരിശോധിക്കുന്നതുമാണ്. മൂന്ന് ഡോക്ടർമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്. പ്രൊമോഷൻ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് സിവിൽ സർജന്റെ തസ്തികയിലും അസിസ്റ്റന്റ് സർജന്റെ ഒഴിവിലേയ്ക്ക് പഠനം കഴിഞ്ഞുവരുന്ന ഡോക്ടർമാരിൽനിന്നും നിയമനം നടത്തുന്നതാണ്. പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## (15) അസംസ്കൃത കന്നുകാലി മാംസ വില്പന

ശ്രീ. റ്റി. എ. അഹമ്മദ് കബീർ : കന്നുകാലി മാംസത്തിൽ മായം ചേർക്കുന്നതും ചത്ത മൃഗങ്ങളുടെ മാംസം വ്യാപകമായി ഉപയോഗിക്കുന്നതും തടയുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : തമിഴ്നാട്ടിൽ നിന്ന് വൃത്തിഹീനമായ മാംസം കൊണ്ടുവരുന്നതായ

വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റസ്റ്റോറന്റുകളിലും ഹോട്ടലുകളിലും ബേക്കറികളിലുമൊക്കെ മത്സ്യവും മാംസവും നൽകുന്നവരുടെ വിശദ വിവരം സൂക്ഷിക്കണമെന്ന് ആവശ്യപ്പെടാൻ ഭക്ഷ്യ സുരക്ഷാ വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുവരെയുള്ള പരിശോധനയിൽ സുനാമി ഇറച്ചികൾ ഉപയോഗിച്ചതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. അന്യസംസ്ഥാനങ്ങളിൽ നിന്നുവരുന്ന മാംസം ചെക്ക് പോസ്റ്റുകളിൽ കർശന പരിശോധനയ്ക്ക് വിധേയമാക്കുകയും ഗുണനിലവാരം പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്. മൃഗങ്ങളെ കശാപ്പു ചെയ്യുന്നതും വില്പന നടത്തുന്നതും വൃത്തിയും വെടിപ്പുമുള്ള കേന്ദ്രങ്ങളിലായിരിക്കണമെന്ന കോടതി വിധിയുടെ അടിസ്ഥാനത്തിൽ വൃത്തിഹീനവും മായം കലർന്നതുമായ മാംസം കണ്ടെത്തിയാൽ അവ നിരോധിക്കുന്നതിന് ഭക്ഷ്യസുരക്ഷാ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ വിഭാഗത്തിൽ 120 ഉദ്യോഗസ്ഥരെ നിയമിക്കുന്നതോടെ ചെക്ക് പോസ്റ്റുകളിൽ പരിശോധനാ നടപടികൾ കൂടുതൽ ഫലപ്രദമാക്കാൻ സാധിക്കും.

(16) വടകര ജില്ലാ ആശുപത്രിക്ക് കെട്ടിടം

ശ്രീ. സി. കെ. നാണു : വടകര ജില്ലാ ആശുപത്രിയുടെ കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : വടകര ജില്ലാ ആശുപത്രിയുടെ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതിയും സാമ്പത്തികാനുമതിയും നൽകി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തിയെങ്കിലും 80 ശതമാനം സ്ട്രക്ച്ചറൽ വർക്ക് മാത്രമേ ഇതുവരെ നടന്നിട്ടുള്ളൂ. 8 നിലകളും നിർമ്മിച്ചാൽ മാത്രമേ കെട്ടിടം ഉപയോഗിക്കാൻ കഴിയുകയുള്ളൂ. വടകര താലൂക്കാശുപത്രി മാതൃകാ ആശുപത്രിയാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ശ്രീ. പി. രാജീവ് എം.പി.യുടെ പ്രാദേശിക വികസന ഫണ്ടിൽനിന്ന് മോർച്ചറി നിർമ്മാണത്തിനുവേണ്ടി 45 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. മോർച്ചറിയുടെ പ്രവർത്തനം എത്രയുംവേഗം ആരംഭിക്കുന്നതാണ്.

## (17) വൈദ്യുതി വിതരണ സ്തംഭനം

ശ്രീ. സി. എഫ്. തോമസ് : ചങ്ങനാശ്ശേരി ടൗണിലും പരിസര പഞ്ചായത്തുകളിലും ഉണ്ടാകുന്ന വൈദ്യുതി വിതരണ സ്തംഭനം അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): ചെത്തിപ്പുഴ, തൃക്കൊടിത്താനം സബ്സ്റ്റേഷനുകളിൽനിന്നുള്ള 11 കെ.വി. ഫീഡറുകൾ മുഖേനയാണ് ചങ്ങനാശ്ശേരി ടൗണിൽ വൈദ്യുതി ലഭ്യമാക്കുന്നത്. ഫീഡറുകൾ

ഓഫ് ചെയ്ത് അറ്റകുറ്റപ്പണികൾ കാലവർഷത്തിനുമുമ്പ് പൂർത്തീകരിക്കാത്തതിനാൽ വൈദ്യുതി തടസ്സം കൂടുതലായി അനുഭവപ്പെടുന്നുണ്ട്. റോഡ് വികസന പ്രവൃത്തികളുടെ ഭാഗമായി റോഡിനിരുവശവുമുള്ള വൈദ്യുതിലൈനുകളും ട്രാൻസ്ഫോർമറുകളും മാറ്റി സ്ഥാപിക്കുന്നതും റെയിൽവേ ജോലികളുമായി ബന്ധപ്പെട്ട് ലൈൻ ഓഫാക്കേണ്ടിവരുന്നതും വൈദ്യുതി തടസ്സത്തിന് കാരണമാകുന്നുണ്ട്. ചങ്ങനാശ്ശേരി ടൗണിലേയ്ക്കുള്ള ഫാത്തിമാപുരം ഫീഡർ പൂർണ്ണമായും ചാർജ് ചെയ്യുന്നതിന് റെയിൽവേയുടെ അനുവാദം ലഭിച്ചാൽ വൈദ്യുതി തടസ്സം ഒരു പരിധിവരെ പരിഹരിക്കാനാകും. വൈദ്യുതി തടസ്സം എത്രയുംവേഗം പരിഹരിക്കുന്നതിനും മുൻകൂട്ടി നിശ്ചയിച്ച പ്രവൃത്തികൾ പത്ര-മാധ്യമങ്ങളിലൂടെ അറിയിക്കുന്നതിനും ബാക്ക്ഫീഡിംഗ് നടത്തി പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരമാവധി കുറയ്ക്കുന്നതിനും ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പുതിയ സെക്ഷൻ ഓഫീസുകൾ രൂപീകരിക്കുന്നതും ജീവനക്കാരുടെ എണ്ണത്തിൽ മാറ്റം വരുത്തുന്നതും സംബന്ധിച്ച് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

(18) മാലിന്യനിർമ്മാർജ്ജനം

ശ്രീ. ഒ. രാജഗോപാൽ: തിരുവല്ലം പരശുരാമ ക്ഷേത്ര പ്രദേശത്തെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

തിരുവല്ലം പരശുരാമ ക്ഷേത്രവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് സ്ഥലം എം.എൽ.എ, ദേവസ്വം ബോർഡ് പ്രതിനിധി, മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം വിളിച്ചുചേർക്കുകയും ബലിതർപ്പണത്തിനുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. സുരക്ഷാ ക്രമീകരണത്തിനായി സി.സി.ടി.വി. ക്യാമറയും പോലീസ് എയ്ഡ് പോസ്റ്റും സ്ഥാപിക്കുന്നതിനും വൈദ്യസഹായം ലഭ്യമാക്കുന്നതിനുമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ക്ഷേത്രപ്രദേശത്തെ ശുചീകരണം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ദേവസ്വം ബോർഡിന്റെയും ഭക്തജനങ്ങളുടെയും സഹകരണത്തോടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതാണ്.

(19) ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിലെ തസ്തികകൾ

ശ്രീ. ടി. വി. ഇബ്രാഹിം: ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിൽ തസ്തിക സൃഷ്ടിക്കുന്നതിനും ലബ്ബാ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): 2014-15, 2015-16 അദ്ധ്യയന വർഷങ്ങളിൽ പുതിയതായി അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകളിലും ബാച്ചുകളിലും ഗസ്റ്റ് അദ്ധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്താനാണ് നിശ്ചയിച്ചിരുന്നത്. സ്ഥിരം അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കേണ്ടതിന്റെ

ആവശ്യകത കണക്കിലെടുത്ത് 2015-16 അദ്ധ്യയന വർഷത്തിൽ പുതിയതായി അനുവദിച്ച ഹയർ സെക്കണ്ടറി സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഹയർ സെക്കണ്ടറി തലത്തിൽ അദ്ധ്യാപക അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിലുള്ള മാനദണ്ഡങ്ങളനുസരിച്ച് സ്കൂൾതല വിഷയാടിസ്ഥാനത്തിലുള്ള തസ്തിക നിർണ്ണയം പൂർത്തിയാക്കി വിശദമായ ശിപാർശ സമർപ്പിക്കാൻ ഹയർ സെക്കണ്ടറി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യം വിശദമായി പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ജൂനിയർ അദ്ധ്യാപകരെ തസ്തിക മാറ്റംവഴി സീനിയർ അദ്ധ്യാപകരായി നിയമിക്കാനേ നിലവിൽ വ്യവസ്ഥയുള്ളൂ. ജൂനിയർ അദ്ധ്യാപകർക്ക് പ്രൊമോഷൻ നൽകുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

### (20) അനൗദ്യോഗികാംഗങ്ങളുടെ പിരിച്ചുവിടൽ

ശ്രീ. എ. പി. അനിൽ കുമാർ: വിവിധ ക്ഷേമനിധി ബോർഡുകളിലെ അനൗദ്യോഗികാംഗങ്ങളെ നിയമാനുസൃതമല്ലാതെ പിരിച്ചുവിട്ട ഉത്തരവ് പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): ക്ഷേമനിധി ബോർഡുകൾ പിരിച്ചുവിട്ടിട്ടില്ല. അനൗദ്യോഗികാംഗങ്ങളുടെ കാലാവധി നിയമാനുസൃതം അവസാനിപ്പിക്കുന്നതിനാണ് ഉത്തരവിറക്കിയത്. ക്ഷേമനിധി

ബോർഡുകളിലെ അനൗദ്യോഗികാംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്ന കാര്യത്തിൽ നിയമാനുസൃത നടപടി സ്വീകരിക്കുന്നതാണ്.

## V മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## VI ക്രമപ്രശ്നം

(1) വാർഷിക പ്രവർത്തന റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുന്നതിലെ കാലതാമസം

ശ്രീ. കെ. എസ്. ശബരീനാഥൻ: ഓരോ വർഷവും ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങുന്ന വാർഷിക റിപ്പോർട്ട് അതാത് സാമ്പത്തിക വർഷം പൂർത്തിയായി നാല് മാസങ്ങൾക്കകം സഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്നാണ് നിയമസഭാ നടപടിചട്ടം അനുശാസിക്കുന്നത്. എന്നാൽ വർഷങ്ങൾക്കുശേഷം റിപ്പോർട്ട് സമർപ്പിക്കുമ്പോൾ അവ പഠിച്ച് തീരുമാനമെടുക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകുന്നതിനാൽ വാർഷിക റിപ്പോർട്ട് കൃത്യമായി സഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്നതു സംബന്ധിച്ച് റൂളിംഗ് നൽകണം

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): വാർഷിക പ്രവർത്തന റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുന്നതിൽ

കാലതാമസമുണ്ടാകുന്നുവെന്നത് ശരിയാണ്. ഭാവിയിൽ ഇങ്ങനെ സംഭവിക്കാതിരിക്കാൻ എല്ലാ വകുപ്പു മേധാവികൾക്കും നിർദ്ദേശം നൽകാൻ ചീഫ് സെക്രട്ടറിയോട് ആവശ്യപ്പെടുന്നതാണ്.

## റൂളിംഗ്

മി.സ്പീക്കർ: നിയമസഭ ചർച്ച ചെയ്ത് പാസ്സാക്കിയ ധനാഭ്യർത്ഥനകളുടെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകൾ ഓരോ വർഷവും ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങുന്ന വാർഷിക പ്രവർത്തന റിപ്പോർട്ട് നിയമസഭാ നടപടിചട്ടം 236 (6) പ്രകാരം സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിൽ മിക്ക വകുപ്പുകളും അമാന്തം കാണിക്കുന്നു എന്നതാണ് ക്രമപ്രശ്നത്തിന് ആധാരം. നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമായ വിവരം വിശദമായ പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ ഈ ഉപചട്ടം നിലവിൽ വന്ന 2010-11 വർഷം മുതലുള്ള വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ ഇനിയും സമർപ്പിക്കാത്ത വകുപ്പുകൾ അവശേഷിക്കുന്നുണ്ടെന്നുള്ള വസ്തുതയാണ് കാണാൻ കഴിഞ്ഞത്. ബഹുമാനപ്പെട്ട നിയമവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുടെ വിശദീകരണം മുഖവിലയ്ക്കെടുക്കുന്നു. നാളിതുവരെ പെന്റിംഗുള്ള വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുവാൻ സമയബന്ധിതമായ നടപടികൾ അതാതു വകുപ്പുകൾ സ്വീകരിക്കുമെന്ന് കരുതുന്നു. ഇക്കാര്യത്തിൽ ആവശ്യമായ

മേൽനോട്ടം പാർലമെന്ററികാര്യ വകുപ്പ് കൈക്കൊള്ളേണ്ടതാണ്.

(2) 12.07.2016, 13.07.2016 എന്നീ തീയതികളിലെ ക്രമപ്രശ്നങ്ങളിൻമേലുള്ള റൂളിംഗ്

12.07.2016-ന് പുതുക്കിയ ബഡ്ജറ്റ് ചർച്ചയിൽ പങ്കെടുത്ത് ശ്രീ. എം. സ്വരാജ് ബൈബിൾ വചനം ഉദ്ധരിച്ചുകൊണ്ട് നടത്തിയ പരാമർശം പ്രതിപക്ഷത്തിനാകെ അപമാനകരമാണെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ശ്രീ. വി.ഡി. സതീശൻ ഒരു ക്രമപ്രശ്നം ഉന്നയിച്ചു. ബൈബിൾ വചനം ഉദ്ധരിക്കാനുണ്ടായ സാഹചര്യത്തെ സംബന്ധിച്ച് ശ്രീ. എം. സ്വരാജ് 14.7.16-ന് ചട്ടം 258 പ്രകാരം നടത്തിയ വ്യക്തിപരമായ വിശദീകരണത്തിൽ പ്രസ്തുത വിഷയം ഏതെങ്കിലും അംഗങ്ങളെ ആക്ഷേപിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതല്ലെന്ന് വിശദീകരിച്ചു. ബഹുമാനപ്പെട്ട അംഗത്തിന്റെ വിശദീകരണം വിശദമായ പരിശോധനയ്ക്ക് വിധേയമാക്കി. ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള തുടർനടപടികൾ ആവശ്യമാണെന്ന് ചെയർ കരുതുന്നില്ല.

13.7.2016-ന് അടിയന്തര പ്രമേയാവതരണ വേളയിൽ വാക്കൗട്ട് പ്രസംഗ ത്തിനിടയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ പരാമർശത്തെതുടർന്ന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി നടത്തിയ പരാമർശം പിൻവലിക്കണമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ

ആവശ്യപ്പെട്ടതിനെത്തുടർന്ന് ഉച്ചഭാഷണിയിലൂടെയല്ലാത്ത പരാമർശങ്ങളൊന്നും രേഖയിലുണ്ടാവില്ലെന്ന് ചെയർ അറിയിച്ചു. പ്രതിഷേധം പ്രകടിപ്പിക്കുന്നതിന് ശ്രീ. വി. ഡി. സതീശൻ ചില പരാമർശങ്ങളും നടത്തുകയുണ്ടായി. ഇക്കാര്യങ്ങളെല്ലാം വിശദമായി പരിശോധന നടത്തി, അൺ പാർലമെന്ററിയായ എല്ലാ പ്രയോഗങ്ങളും സഭാരേഖയിൽ നിന്നും നീക്കംചെയ്തിട്ടുള്ളതായി അറിയിക്കുന്നു. ബഹുമാനപ്പെട്ട അംഗങ്ങൾ പ്രസംഗമധ്യേ സഭയിൽ പാലിക്കേണ്ട മിതത്വം സംബന്ധിച്ചും അംഗങ്ങളുടെ പൊതുവേയുള്ള പെരുമാറ്റത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ചും മുൻകാലങ്ങളിൽ ചെയർ റൂളിംഗ് നൽകിയിട്ടുണ്ട്. എന്നിരുന്നാലും പുതിയ അംഗങ്ങളുടെ അറിവിലേയ്ക്കായി, സഭാംഗങ്ങൾ പരസ്പരം ബഹുമാനത്തോടും സഭയുടെ അന്തസ്സ് ഉയർത്തിപ്പിടിക്കുന്ന തരത്തിലുമായിരിക്കണം സഭാ പ്രവർത്തനങ്ങളിൽ ഭാഗമാകേണ്ടത്. എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും ഇക്കാര്യം നിഷ്കർഷയോടെ പാലിക്കുമെന്ന് വിശ്വസിക്കുന്നു.

## VII ചട്ടങ്ങൾക്കുള്ള ഭേദഗതികളുടെ പരിഗണന

2016 ഫെബ്രുവരി 8-ാം തീയതിയിലെ സ.ഉ. (അച്ചടി) നമ്പർ 03/2016/മ.ഇ.വ. നമ്പരായി വിജ്ഞാപനം ചെയ്ത (എസ്.ആർ.ഒ. നമ്പർ 121/2016) " 2016- ലെ കേരള മത്സ്യവിത്ത് ചട്ടങ്ങൾ"ക്കുള്ള ഭേദഗതികളുടെ പരിഗണന

ശ്രീ. എം. ഉമ്മർ: താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(1) 9-ാം ചട്ടത്തിന്റെ 2-ാം ഉപചട്ടത്തിൽ

" (ഡി) പ്രാദേശിക മത്സ്യവിത്ത് കേന്ദ്രമോ സംസ്ഥാന മത്സ്യവിത്ത് കേന്ദ്രമോ ആവശ്യപ്പെടുന്ന മറ്റ് വിവരങ്ങൾ." എന്നീ വാക്കുകൾ ഒഴിവാക്കുക.

(2) 11-ാം ചട്ടത്തിന്റെ 2-ാം ഉപചട്ടത്തിൽ

" (ഡി) ബന്ധപ്പെട്ട പ്രാദേശിക മത്സ്യവിത്ത് കേന്ദ്രം ആവശ്യപ്പെടുന്ന മറ്റ് രേഖകൾ." എന്നീ വാക്കുകൾ ഒഴിവാക്കുക.

(3) 12-ാം ചട്ടത്തിന് ചുവടെ ചേർക്കുന്ന ക്ലിപ്ത നിബന്ധന ചേർക്കുക:

" എന്നാൽ യഥാസമയം അപേക്ഷ സമർപ്പിക്കുവാൻ സാധിക്കാത്തവർക്ക് 250 രൂപ പിഴ ഈടാക്കി അപേക്ഷ നൽകാൻ 30 ദിവസത്തെ സമയം കൂടി അനുവദിക്കാവുന്നതാണ്."

(4) 18-ാം ചട്ടം പൂർണ്ണമായും റദ്ദാക്കുക; ശേഷിച്ചവ പുനരക്കം ചെയ്യുക.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടിഅമ്മ): മത്സ്യവിത്ത് നിയമത്തിന്റെ ചട്ടം തയ്യാറാക്കിയതിൽ മത്സ്യ വിത്ത് കേന്ദ്രങ്ങളുടെയും ഹാച്ചറികളുടെയും രജിസ്ട്രേഷൻ, ലൈസൻസ് നൽകൽ, പുതുക്കൽ ഇവയിലാണ് മാറ്റങ്ങൾ നിർദ്ദേശിച്ചിട്ടുള്ളത്. ചെറിയ ഫാമുകൾക്കും ഹാച്ചറികൾക്കും ഇത് ബാധകമല്ല. 'മറ്റ് വിവരങ്ങൾ' എന്ന് പറഞ്ഞിരിക്കുന്നതിലും ഫാമുകൾക്ക് ലൈസൻസ് കൊടുക്കുന്നകാര്യത്തിലും ആശങ്കയ്ക്ക് അടിസ്ഥാനമില്ല. വലിയ

ഹാച്ചറികളോ മത്സ്യ വിത്ത് കേന്ദ്രങ്ങളോ വന്നാൽ പാരിസ്ഥിതിക ആഘാത പഠനം നടത്തേണ്ടതിനാലും ഹാച്ചറികളിൽ സമയക്ലിപ്തത പാലിക്കേണ്ടതിനാലും രോഗബാധിതമായ ഹാച്ചറികളിൽ അടിയന്തരമായ ഇടപെടലുകൾ നടത്തേണ്ടതിനാലും പ്രിൻസിപ്പൽ ആക്ടിന് വിരുദ്ധമായി ചട്ടങ്ങൾ വന്നിട്ടില്ലാത്തതിനാലും ഭേദഗതികൾ സ്വീകരിക്കാൻ കഴിയില്ല.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച ഭേദഗതികൾ 31-നെതിരെ 65 വോട്ടുകളോടെ സഭ നിരാകരിച്ചു.

## VIII നിയമനിർമ്മാണകാര്യം

### സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 191 1 (A) പ്രകാരം ഒരംഗത്തിന്റെ അയോഗ്യതകൾ നീക്കം ചെയ്യുന്നതിൽ പാലിക്കേണ്ട കാര്യങ്ങളൊന്നും ഈ ബില്ലിൽ നിഷ്കർഷിച്ചിട്ടില്ല. ജനോപകാരപ്രദമായ പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കേണ്ട ഒരംഗത്തിന് ചെയർമാൻ സ്ഥാനം നൽകി പ്രാഥമിക ഉത്തരവാദിത്വത്തിൽനിന്നും വ്യതിചലിപ്പിക്കുന്ന നടപടി ഭരണഘടനയോടുള്ള ലംഘനവും ജനപ്രതിനിധികൾക്ക് ജനങ്ങളോടുള്ള കമ്മിറ്റ്മെന്റ് ഇല്ലാതാക്കാനുള്ള ശ്രമവുമാണ്. രണ്ടുവർഷത്തേക്ക് പുതിയ തസ്തികകൾ സൃഷ്ടിക്കുകയില്ലെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും പിന്നീട് തിരുത്തുകയും ചെയ്തതിലൂടെ ഭരണപരിഷ്കാര കമ്മീഷൻ ചെയർമാൻ സ്ഥാനവും അനുബന്ധ തസ്തികകളും സൃഷ്ടിക്കാനുള്ള സർക്കാരിന്റെ തന്ത്രമാണ് പുറത്തുവന്നിരിക്കുന്നത്. ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ട നിയമനിർമ്മാണങ്ങൾക്കുപകരം പാർട്ടിക്കുള്ളിലെ ആഭ്യന്തര കലാപം ഒതുക്കിതീർക്കാനുള്ള ശ്രമമാണ് നടത്തുന്നത്. 2012-ൽ അയോഗ്യതകൾ നീക്കം ചെയ്യൽ ബില്ലിനെ എതിർത്ത പ്രതിപക്ഷം അതിന് സമാനമായ ബില്ലാണ്

ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നത്. അധികാരത്തോട് താൽപ്പര്യമില്ലെന്ന് ശ്രീ. വി. എസ്. അച്ചുതാനന്ദൻ പറയുമ്പോഴും ചെയർമാൻ പദവിയും സ്ഥാനമാനങ്ങളും നൽകുന്നതിനായി ഈ ബിൽ കൊണ്ടുവന്നതിന്റെ സാങ്കേതികത്വം വ്യക്തമാക്കണം. ഒരു എം.എൽ.എ.-യ്ക്ക് ഇത്രയും വലിയ ആനുകൂല്യം കൊടുക്കുന്നത് സി.പി.എം.-ന്റെ രാഷ്ട്രീയ നയമാണോ എന്ന് വ്യക്തമാക്കണം. സർക്കാരിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ ഇടപെടാനോ അഭിപ്രായം പറയാനോ സാധിക്കാത്ത ഒരു സ്ഥാനം നൽകുന്നതുവഴി അദ്ദേഹത്തെ നിശബ്ദനാക്കുക എന്ന തന്ത്രമാണ് പോളിറ്റ് ബ്യൂറോയും സംസ്ഥാന കമ്മിറ്റിക്കുമുള്ളത്. പാർട്ടിക്കുള്ളിലെ ആഭ്യന്തര കലാപത്തിന്റെ പരിസമാപ്തിക്കുവേണ്ടി പോളിറ്റ് ബ്യൂറോയുടെ നിർദ്ദേശാനുസരണം കൊണ്ടുവന്ന ഈ നിയമ ഭേദഗതി ജനങ്ങളുടെ താത്പര്യത്തിനോ പൊതുതാത്പര്യത്തിനോ യോജിച്ചതല്ലെന്നുള്ളതുകൊണ്ടാണ് വിയോജിപ്പ് രേഖപ്പെടുത്തുന്നത്.

ശ്രീ. വി. റ്റി. ബൽറാം: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഈ നിയമനിർമ്മാണം ഭരണകക്ഷിയിലെ രാഷ്ട്രീയ തർക്കങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി കൊണ്ടുവന്നത് നിയമസഭയോടും തെരഞ്ഞെടുത്ത

ജനങ്ങളോടുമുള്ള അനാദരവാണ്. ഇതിനായി കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്ന് പുതിയ ചെലവുണ്ടാകുന്നില്ലെന്ന് പറയുന്നത് സാങ്കേതികം മാത്രമാണ്. സുതാര്യത വാഗ്ദാനം ചെയ്ത് അധികാരത്തിൽ വന്ന ഗവൺമെന്റ് ഇക്കാര്യത്തിൽ സുതാര്യതയില്ലാതെയാണ് പ്രവർത്തിക്കുന്നത്. അധികാരത്തിൽ വരുന്നതിനുമുമ്പുതന്നെ പരസ്യം നൽകുന്നതിനുവേണ്ടി മൂന്നരക്കോടിരൂപയാണ് ചെലവഴിച്ചത്. സംസ്ഥാനം കടക്കെണിയിലാണെന്ന് പറയുമ്പോഴും പരസ്യങ്ങൾക്കും സെൽഫ് പ്രൊമോഷനുവേണ്ടിയും കോടിക്കണക്കിന് രൂപ ഖജനാവിന് നഷ്ടമുണ്ടാക്കുന്ന ധാർമ്മികതയെക്കുറിച്ച് ആലോചിക്കണം. ഈ നിയമനിർമ്മാണത്തിലൂടെ ഖജനാവിനുണ്ടാകുന്ന അധിക ബാധ്യതയെക്കുറിച്ചും ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിക്കേണ്ടതിന്റെ അനിവാര്യതയെക്കുറിച്ചും വ്യക്തമാക്കണം. ഭരണപരിഷ്കാര കമ്മീഷന് നേതൃത്വം നൽകാൻ നിയോഗിക്കപ്പെട്ട വ്യക്തി പുതിയ ആശയങ്ങൾ ഉൾക്കൊണ്ട് പരിഷ്കാരങ്ങൾ നടപ്പിൽ വരുത്താൻ പ്രാപ്തനാണോയെന്നും അതിലൂടെ ഉദ്ദേശ്യലക്ഷ്യം കൈവരിക്കാൻ സാധിക്കുമോയെന്നുമുള്ള ജനങ്ങളുടെ ആശങ്ക ദൂരീകരിക്കണം. സംസ്ഥാന ഖജനാവിന് വൻ ബാദ്ധ്യത വരുത്തിവയ്ക്കാവുന്ന ഇത്തരം നടപടികളിൽനിന്നും പിന്തിരിയണം.

ശ്രീ. എസ്. ശർമ്മ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ

നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഭരണനിർവ്വഹണത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് പഠനം നടത്തി കാര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നടപടികൾ നിർദ്ദേശിക്കുന്നതിനുമായി രൂപീകരിക്കുന്ന ഭരണപരിഷ്കാര കമ്മീഷനെക്കുറിച്ച് അടിസ്ഥാനരഹിതമായ ആക്ഷേപമാണ് പ്രതിപക്ഷം ഉന്നയിക്കുന്നത്. ഭരണപരിഷ്കാര കമ്മീഷൻ എന്ന ആശയത്തിന് ആധുനിക കേരളത്തിന്റെ ചരിത്രത്തോളം പഴക്കമുണ്ട്. ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനം ഭരണപരിഷ്കാരത്തിലൂടെ നൽകാൻ ഉദ്ദേശിക്കുന്ന മാനവികതയ്ക്കും സദുദ്ദേശത്തിനും വളർച്ചയ്ക്കും തടസ്സം നിൽക്കുന്ന വാദഗതികളാണ് പ്രതിപക്ഷം ഉന്നയിക്കുന്നത്. വ്യത്യസ്ത തലങ്ങളിൽ സ്വീകരിക്കേണ്ട ഭരണപരമായ നടപടിക്രമങ്ങൾക്ക് മാൻഡേറ്റ് ലഭിക്കുന്നതിന് ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനം ചർച്ച ചെയ്ത് അംഗീകരിച്ച വീക്ഷണത്തെ കേരളത്തിലെ ജനങ്ങൾ സ്വീകരിച്ചുകഴിഞ്ഞിരിക്കുകയാണ്. മുമ്പ് രൂപീകരിക്കപ്പെട്ട കമ്മീഷനുകൾ നാടിന്റെ വളർച്ചയ്ക്ക് നൽകിയ സംഭാവനകൾ കണക്കിലെടുത്ത് ഈ ബിൽ കക്ഷിഭേദമെന്യെ പാസ്സാക്കാൻ സഹകരിക്കണം.

<u>ശ്രീ. കെ. സി. ജോസഫ്</u>: 1 (എ) നമ്പർ ഭേദഗതിയെ അനുകൂലിക്കുന്നു. രാഷ്ട്രീയ അഴിമതിയുടെ മുഖമുദ്രയായ ഈ ബിൽ പിൻവലിക്കാൻ സർക്കാർ

തയ്യാറാകണം. പൊളിറ്റിക്കൽ അക്കൊമൊഡേഷനാണ് ഈ ബിൽകൊണ്ട് ഉദ്ദേശിക്കുന്നത്. മുഖ്യമന്ത്രിയെ ഭരണപരിഷ്കാര കമ്മീഷൻ ചെയർമാനായി നിയമിക്കുന്നതിനുപകരം ഒരു എം.എൽ.എ.-യെ ചെയർമാൻ സ്ഥാനത്ത് നിയമിക്കാനുള്ള നടപടി അധാർമ്മികമാണ്. പ്രത്യേക താൽപ്പര്യം കണക്കിലെടുത്ത് ആദായകരമായ സ്ഥാനം വഹിക്കാനായി ഒരു എം.എൽ.എ.-യുടെ അയോഗ്യത നീക്കാനുള്ള ചെലവുകൾക്കുള്ള തുക ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തണം.

ശ്രീമതി ഇ. എസ്. ബിജിമോൾ: 2 (ബി) നമ്പർ ഭേദഗതിയെ അനുകൂലിക്കുന്നു. മുമ്പ് രൂപീകരിച്ച ഭരണപരിഷ്കാര കമ്മീഷനുകൾ നടത്തിയിട്ടുള്ള ശിപാർശകളുടെ മികവ് ഉൾക്കൊള്ളാൻ തയ്യാറാകണം. രാഷ്ട്രീയ ആയുധമെന്ന നിലയിൽ പ്രതിപക്ഷം ഈ നിയമത്തെ കാണരുത്. ഭരണപരിഷ്കാര കമ്മീഷൻ ശിപാർശകൾ സംബന്ധിച്ച് ഗൗരവതരമായ ചർച്ചകൾ ഉണ്ടാകണം. വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ മേഖലകളിൽ ആവശ്യമായ നയങ്ങളുണ്ടാകണം. പല നിയമനിർമ്മാണ കാര്യങ്ങളിലും സംസ്ഥാനം രാജ്യത്തിന് മാതൃകയാണ്. ഗൗരവതരമായ ശിപാർശകളുടെയും നിർദ്ദേശങ്ങളുടെയും ഫലമായി പല മേഖലകളിലും മെച്ചപ്പെട്ട നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ജനാധിപത്യ സംവിധാനത്തിൽ ജനങ്ങളുടെ വിശ്വാസം നിലനിർത്തുകയെന്നുള്ളതാണ്

അടിസ്ഥാനപരമായ കാര്യം. ഭരണപരിഷ്കാര കമ്മീഷനുകൾ യഥാസമയം രൂപീകരിക്കുകയും അതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുകയും വേണം. സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് സഹായകരമായ ചർച്ചകൾക്കുപകരം അതിനെ മോശമായി ചിത്രീകരിക്കുന്ന പ്രതിപക്ഷ നിലപാട് വിമർശനാത്മകമാണ്. ഭരണപരിഷ്കാര കമ്മീഷൻ സമൂഹത്തിന്റെ ആവശ്യമാണെന്ന് മനസ്സിലാക്കി സഹകരിക്കുന്നതിനുപകരം ബാലിശമായ രാഷ്ട്രീയ ചർച്ചകളിലേയ്ക്ക് നീങ്ങുന്നത് ഖേദകരമാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : 2016-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ബിൽ സഭയിൽ അവതരിപ്പിക്കുന്ന സന്ദർഭത്തിൽ പ്രതിപക്ഷാംഗങ്ങൾ ഉന്നയിച്ച ക്രമപ്രശ്നങ്ങൾ നിലനിൽക്കില്ലെന്ന് ചെയർ റൂൾ ചെയ്തിട്ടുണ്ട്. ഭരണരംഗത്ത് സമൂലമായ മാറ്റം കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിക്കുന്നത്. നിയമസഭയിലെ ഒരംഗം ഭരണപരിഷ്കാര കമ്മീഷന്റെ ചെയർമാനായാൽ ഉണ്ടാകാവുന്ന നിയമതടസ്സം ഒഴിവാക്കുന്നതിനുവേണ്ടിയാണ് ബിൽ അവതരിപ്പിച്ചിട്ടുള്ളത്. ചെലവഴിക്കപ്പെടുന്ന തുകയുടെ പതിന്മടങ്ങ് പ്രയോജനം കമ്മീഷന്റെ പ്രവർത്തനത്തിലൂടെ സമൂഹത്തിന് ലഭിക്കും. മറ്റ് സംസ്ഥാനങ്ങളെ

അപേക്ഷിച്ച് കേരളത്തിൽ ഭരണപരിഷ്കാര നടപടികൾ ബഹുദൂരം മുന്നോട്ടുപോയിട്ടുണ്ട്. കേരളത്തിൽ നടപ്പാക്കിയ ത്രിതല പഞ്ചായത്ത് സംവിധാനം, ജനകീയാസൂത്രണം എന്നിവ രാജ്യത്തിനുതന്നെ മാതൃകയായിരുന്നു. ഭൂപരിഷ്കരണം, സാർവ്വത്രിക വിദ്യാഭ്യാസം, ആരോഗ്യമേഖല, പൊതുവിതരണമേഖല തുടങ്ങിയവയിലെല്ലാം സമൂലമായ മാറ്റം സംഭവിച്ചത് മുൻ ഭരണപരിഷ്കാര കമ്മീഷനുകൾ മുന്നോട്ടുവച്ച നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും അടിസ്ഥാനത്തിലാണ്. മുൻഭരണപരിഷ്കാര കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അധികാര വികേന്ദ്രീകരണത്തിന് ആധാരമായ ആശയങ്ങൾ രൂപപ്പെട്ടത്. ഭരണസംവിധാനവും നിലവിലുള്ള ഉദ്യോഗസ്ഥ സംവിധാനവും കാലോചിതമായി പരിഷ്കരിക്കേണ്ടത് അനിവാര്യമാണ്. വിവരസാങ്കേതികവിദ്യയുടെ വ്യാപനത്തിനുശേഷവും പഴയ കാലത്തുണ്ടായ അതേ കാലതാമസം നടപടികളിലുണ്ടാകുന്നുണ്ട്. സമഗ്രമായ ഭരണപരിഷ്കാരങ്ങൾ പുതിയ കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് മനസ്സിലാക്കിയതുകൊണ്ടാണ് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഒരു കമ്മീഷനെ നിയമിക്കാൻ സർക്കാർ തീരുമാനിച്ചത്.

(ബിൽ പാസ്സാക്കുന്നതിനെതിരെ പ്രതിപക്ഷ നേതാവ് പ്രസ്താവന നടത്തുകയും പ്രതിപക്ഷാംഗങ്ങളോടൊപ്പം സഭ ബഹിഷ്കരിക്കുകയും ചെയ്തു.)

ഭേദഗതികൾ സഭ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2016-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

## രണ്ടാം വകുപ്പ്

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഒന്നാം വകുപ്പും പീഠികയും പേരും

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): 2016-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

2016-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## IX അവകാശ ലംഘന പ്രശ്നം

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ ശ്രീ. കെ. സി. ജോസഫ് നൽകിയ അവകാശ ലംഘന നോട്ടീസ് ചെയറിന്റെ പരിഗണനയിലാണ്.

## X പ്രമേയം

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ്.

പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിൽ സഭ പരിഗണിച്ച വിഷയങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ സംക്ഷിപ്ത വിവരണം നടത്തുകയും സമ്മേളനം വിജയകരമായി പൂർത്തീകരിക്കുന്നതിന് സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുകയും ഓണാശംസകൾ നേരുകയും ചെയ്തു.

ദേശീയ ഗാനാലാപനത്തോടെ ഉച്ചയ്ക്കുശേഷം 3.00 മണിക്ക് സഭ അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു.

***